# അമ്മമാരേ , ആശംസകൾ !

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

അമ്മയില്ലാത്തൊരു വീട്ടിലേക്കിന്നു ഞാൻ
ആരെക്കാണാനിനി പോകണം ചിന്തിപ്പേൻ !
റാണിയില്ലാത്തൊരു തേനീച്ചക്കൂടാണെൻ
ചേണുറ്റ മാതൃ ദീപം പൊലിഞ്ഞ ഗേഹം !
വിശ്വത്തെയാകെ ത്രസിപ്പിക്കും പഞ്ചിരി
വാത്സല്യം വാർന്നൊലിച്ചീടും പരിഭവാൽ
മെല്ലിച്ച കൈവിരൽ ചേർത്തു തലോടലും
ഇല്ലിനി, യില്ലാപ്പരിതപ്ത വേശകേ !
ഇന്നുമെൻ ജീവിത വീഥിയിൻ സാന്ത്വനം
എൻ മാതൃ ചിത്തത്തിൻ പ്രാർത്ഥനാ മന്ത്രണം !
വിശ്വൈക സൗന്ദര്യം ദൂരെയൊളിക്കുമാ
വിശ്വവിതാനത്തിൻ സൗഭഗമാണമ്മ !
ഓമനപ്പൈതലിൻ ചോരിവായ് ചോർത്തവേ
അമ്മിഞ്ഞപ്പാലേകും പൈതലിൻ സായൂജ്യം !
ലോകാലോകങ്ങളിലാകെ ത്തിരഞ്ഞാലും
ആർക്കുമേ ലഭ്യമാവാത്തൊരനുഭൂതി !
കന്മഷമില്ലാത്ത കാരുണ്യ വാരിധി
ജന്മജന്മാന്തരാമൃതകമാണമ്മ !
നിസ്തുല സ്നേഹത്താൽ നിസ്തുഷാർത്ഥനയാൽ
സാത്വികത്വത്തിൽ വളർത്തും തൻ തനൂജർ
സത്യധർമ്മാദി സദ്ഗുണ ധന്യരാം
ജാതരവർ വിശ്വ സൗഷ്ടവ സമ്പാദ്യം!
നന്മ തുളുമ്പിടും മാതാക്കളേ, മക്കൾ -
നന്ദിയോടർപ്പിപ്പൂ, ആശംസാ ഹാരങ്ങൾ !

............